# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3533 15/07/2015 - ൽ മറുപടിയ്ക്ക്

## ദേശീയ ആരോഗ്യ നയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ മന്ത്രി) | |
| എ) | ദേശീയാരോഗ്യനയത്തിന്റെ കരട്ടുരേഖ പരിശോധിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| ബി) | കരട്ടുരേഖയിലെ സമീപനത്തോടുള്ള സർക്കാരിന്റെ നിലപാട് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടിലെയും ചെന്നൈയിൽ വച്ച് നടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശിയ ആരോഗ്യ നയത്തെപ്പറ്റിയുള്ള മീറ്റിംഗിൽ സമർപ്പിച്ച റിപ്പോർട്ടിലെയും പ്രധാന നിർദ്ദേശങ്ങൾ അറിയിക്കാമോ; പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | ദേശീയ ആരോഗ്യ നയത്തിലെ വിവിധ നിർദ്ദേശങ്ങൾ സംബന്ധിച്ച് പ്രശ്ലാധിഷ്ഠിത സമീപനമാണ് സംസ്ഥാനം സ്വീകരിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനം, കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ചെന്നൈയിൽ വച്ചുനടന്ന ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്കായുള്ള ദേശീയ ആരോഗ്യ നയത്തെപ്പറ്റിയുള്ള മീറ്റിംഗിലും സംസ്ഥാനം റിപ്പോർട്ട് ഒന്നും സമർപ്പിച്ചിട്ടില്ല. എന്നാൽ ദേശീയ . ആരോഗ്യനയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം രൂപീകരിക്കുന്നതിനായി 30/01/2015 ന് കേരളത്തിൽ വച്ച് നടത്തിയ കൺസൾട്ടേറ്റീവ് വർക്ക്ഷോപ്പിന്റെ റിപ്പോർട്ട് അവിടെ അവതരിപ്പിച്ചു. |
| സി) | ആരോഗ്യസേവനങ്ങൾ പൂർണ്ണമായും ഇൻഷ്വറൻസ് ആധാരിതമാക്കി ആരോഗ്യ സേവന മേഖല വാണിജ്യ വല്ക്കരിക്കുന്നത് സാധാരണക്കാരെ ഏത് വിധത്തിൽ ബാധിക്കുമെന്നാണ് വിലയിരുത്തി യിട്ടുള്ളതെന്നറിയിക്കുമോ? | സി) | ഇതു സംബന്ധിച്ച് കൂടുതൽ വിശദമായ പഠനം നടത്തേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ